പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 960 30.06.2011-ൽ മറുപടിയ്ക്ക്

**ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ - 5**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ മുൻകാല പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | എ) | ഉണ്ട്.<br>ലോക ടൂറിസം ഭൂപടത്തിൽ കേരളത്തിനുള്ള സ്ഥാനം പ്രയോജനപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തെ ഒരു അന്താരാഷ്ട്ര വാണിജ്യ - വ്യാപാര കേന്ദ്രമാക്കി മാറ്റുക എന്ന ഉദ്ദേശത്തോടെയാണ് ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ 2007- മുതൽ സംഘടിപ്പിച്ചു വരുന്നത്. സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തുമുള്ള വ്യാപാരസ്ഥാപനങ്ങൾക്ക് ഫെസ്റ്റിവലിൽ പങ്കാളികളാകാനുള്ള അവസരം ലഭിയ്ക്കുന്നുണ്ട്. ഇതിലൂടെ പ്രാദേശിക ടൂറിസം വികസനത്തിനും കരുത്ത് പകരുന്നുണ്ട്. 25,000/- രൂപ, 5,000/- രൂപ, 1,000/- രൂപ, വീതം യഥാക്രമം ഗോൾഡ്, സിൽവർ, ജനറൽ കാറ്റഗറി വിഭാഗങ്ങളിൽ വ്യാപാര സ്ഥാപനങ്ങൾക്ക് രജിസ്റ്റർ ചെയ്ത് ഫെസ്റ്റിവലിൽ പങ്കെടുക്കാവുന്നതാണ്. സ്വർണ്ണം ഉൾപ്പെടെയുള്ള വിവിധ സമ്മാനങ്ങൾ ഉപഭോക്താക്കൾക്ക് നൽകിവരുന്നുണ്ട്. ഇതോടൊപ്പം ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ഭാഗമായി കയർ ഫെസ്റ്റ്, പുസ്തകമേള തുടങ്ങിയ വ്യാപാരമേളകളും സംഘടിപ്പിച്ചിട്ടുണ്ട്. ഫെസ്റ്റിവലിലൂടെയുള്ള സമ്മാനങ്ങൾ ലഭിക്കുന്നതിനായി കൃത്യമായ ബിൽ കൂടി സമർപ്പിക്കണമെന്നതിനാൽ, ഫെസ്റ്റിവൽ കാലയളവിൽ നികുതി വർദ്ധന ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ട്.<br><br>ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ മുൻകാല പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ സംസ്ഥാനത്തിന്റെ വ്യാപാര - വാണിജ്യ |

മേഖലയ്ക്കും ടൂറിസം മേഖലയ്ക്കും കരുത്ത് പകരാൻ ഷോപ്പിംഗ് ഫെസ്റ്റിവലിന് സാധിക്കുന്നുണ്ട്. വരും കാലങ്ങളിൽ പ്രസ്തുത കാര്യത്തിൽ വളരെ വലിയ മികവ് കൊണ്ടു വരാൻ സാധിക്കുകയും ചെയ്യും.

| | |
|---|---|
| ബി) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ 5-ന്റെ പ്രാരംഭ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | ബി) 2011-12-ലെ ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ-5 ന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനകം സ്പോൺസർമാരുടെ കൂട്ടായ്മ സംഘടിപ്പിച്ചു കഴിഞ്ഞു. മറ്റ് സംസ്ഥാനങ്ങളിലും മീറ്റിംഗുകൾ സംഘടിപ്പിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, സജീവമായ പബ്ലിക് റിലേഷൻസ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ